## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6677 — 09/11/2016-ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി മീറ്ററുകളുടെ ഗുണനിലവാരം

| | ചോദ്യം<br><br>**ശ്രീ.എം. സ്വരാജ്** | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി മുഖേന നൽകി വരുന്ന ഇലക്ട്രോണിക് മീറ്ററുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉപയോഗിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ഇ.ബി, മുഖേന നൽകി വരുന്ന ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങുമ്പോൾ ഗുണനിലവാര പരിശോധന നടത്താറുണ്ട്. മീറ്ററുകളുടെ ദർഘാസിൽ പങ്കെടുക്കുന്നവർ പൂരിപ്പിച്ച ദർഘാസിനോടൊപ്പം സാംപിൾ മീറ്ററുകൾ കൂടി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാംപിൾ മീറ്ററുകൾ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സി.പി.ആർ.ഐ/ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ടി.എം.ആറുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു. മേൽപ്പറഞ്ഞ പരിശോധനകൾ 'ഇൻഡ്യൻ സ്റ്റാൻഡേർഡ്സ്' നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടത്തുന്നത്. കൂടാതെ പർച്ചേസ് ഓർഡറിലെ ഡെലിവറി ഷെഡ്യൂൾ പ്രകാരം കമ്പനികൾ ഓഫർ ചെയ്യുന്ന മീറ്ററുകൾ അവിടെ നിന്നും അയക്കുന്നതിനു മുമ്പ് അവരുടെ തന്നെ ഫാക്ടറികളിൽ വെച്ച് പ്രീ-ഡെസ്പാച്ച് ഇൻസ്പെക്ഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് നിയോഗിക്കുന്ന എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നുണ്ട്. ഈ പരിശോധനയിൽ ഗുണമേന്മ ഉറപ്പു വരുത്തുന്ന മീറ്ററുകൾ മാത്രമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിർദ്ദേശപ്രകാരം, ടി.എം.ആർ ഡിവിഷനുകളിൽ എത്തിക്കുന്നത്. ഇവ കൂടാതെ ടി.എം.ആർ ഡിവിഷനുകളിൽ എത്തുന്ന മീറ്ററുകൾ ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷി |

| | | | |
|---|---|---|---|
| | | | ക്കുന്ന പ്രകാരം 'ആക്സെപ്റ്റൻസ്' ടെസ്റ്റിനും വിധേയമാക്കുന്നു. നിലവിൽ തിരുമല, പള്ളം, അങ്കമാലി, ഷൊർണ്ണൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിലാണ് പരിശോധന വിഭാഗങ്ങളുള്ളത്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ടി.എം.ആർ ഡിവിഷനിലെ എഞ്ചിനീയർമാരാണ് ഈ പരിശോധന നടത്തുന്നത്. ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ തള്ളപ്പെടുന്നു. ഗുണമേന്മ തെളിയിക്കപ്പെട്ട മീറ്ററുകൾ മാത്രമാണ് ഫീൽഡിലേക്ക് നൽകുന്നത്. |
| (ബി) | നിലവിൽ നൽകി വരുന്ന മീറ്ററുകൾ പെട്ടെന്ന് കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഇല്ല. എന്നാൽ അപൂർവം ചില മീറ്ററുകൾ ഗ്യാരണ്ടി കാലയളവിനുള്ളിൽ കേടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീറ്ററുകൾ ഗ്യാരണ്ടി കാലയളവിനുള്ളിലാണ് കേടാകുന്നതെങ്കിൽ മീറ്റർ വാങ്ങിയ കമ്പനിയിൽ നിന്ന് തന്നെ പകരം മീറ്റർ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| (സി) | മീറ്ററുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

4.

സെക്ഷൻ ഓഫീസർ